## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3185 15.12.2015-ലെ മറുപടിക്ക്

## അമിനിറ്റീസ് സെന്റർ, ബസ്സ് ഷെൽട്ടർ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററുകളും ആധുനിക ബസ്സ് ഷെൽട്ടറുകളും നിർമ്മിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;<br><br>(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (എ) & (ബി) & (സി) സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററുകൾ നിർമ്മിക്കുന്നതിന് ആശ്വാസ് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിലും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിലും കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>യാത്രക്കാർക്കായി വൃത്തിയും വെടിപ്പുമുള്ള ടോയ്ലെറ്റ് സൗകര്യ-ങ്ങളോട്ടു കൂടിയ വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുകയാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസിന്റെ ലക്ഷ്യം. പ്രസ്തുത അമിനിറ്റീസ് കേന്ദ്രങ്ങളിൽ ടോയ്ലെറ്റ് സൗകര്യത്തിനു പുറമെ ലഘു ഭക്ഷണശാലകൾ, മെമെന്റോ ഷോപ്പുകൾ, വിശ്രമ സൗകര്യം, യാത്രികർക്കാവശ്യമായ വിവരങ്ങൾ എന്നിവ പ്രദാനം ചെയ്യാനും ഉദ്ദേശ്യമുണ്ട്. നിലവിൽ 6 പദ്ധതികൾ ഏറ്റെടുത്തു നടത്തി വരുന്നുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പാതയോരങ്ങളിൽ |

ആധുനിക രീതിയിലുള്ള ബസ് കാത്തിരിപ്പ കേന്ദ്രങ്ങൾ ഒരുക്കുക-യാണ് പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സിന്റെ ലക്ഷ്യം. CIAL മാതൃകയിലാണ് ബസ് ഷെൽട്ടറുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ 83 സ്ഥലങ്ങളിൽ ബസ് ഷെൽട്ടറുകൾ ഒരുക്കുന്നതിന് കരാർ വച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**